റവന്യൂ വകുപ്പിലെ പ്രൊമോഷൻ

90 [1826] *ശ്രീ. സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ 1-1-2000 മുതൽ 1-1-2005 വരെയുള്ള കാലയളവിൽ റവന്യൂ വകുപ്പിൽ എത്ര എൽ.ഡി. ക്ളാർക്കുമാരെ പുതുതായി നിയമിച്ചു;

(ബി) അതിന് ആനുപാതികമായി എത്ര വില്ലേജ്മാൻമാർക്ക് പ്രൊമോഷൻ നൽകി;

(സി) നൂറ് എൽ.ഡി. ക്ളാർക്കുമാരെ നിയമിക്കുമ്പോൾ എത്ര വില്ലേജ്മാൻമാർക്ക് എൽ.ഡി. ക്ളാർക്കായി പ്രൊമോഷൻ ലഭിക്കും;

(ഡി) വില്ലേജ്മാന് എൽ.ഡി. ക്ളാർക്കായി പ്രൊമോഷൻ ലഭിച്ച് പിന്നീട് യു.ഡി. ക്ളാർക്കാവുമ്പോൾ മാത്രമാണോ പ്രൊമോഷൻ ലഭിക്കാനുള്ള വില്ലേജ്മാൻ എൽ.ഡി. ക്ളാർക്കാവുന്നത്?

ഉത്തരം

(എ) 1-1-2000 മുതൽ 1-1-2005 വരെയുള്ള കാലയളവിൽ കോഴിക്കോട് ജില്ലയിൽ 225 എൽ.ഡി. ക്ളാർക്കുമാരെ പുതുതായി നിയമിച്ചിട്ടുണ്ട്.

(ബി) അതിന് ആനുപാതികമായി 8 വില്ലേജ്മാൻമാർക്ക് ഇതിനകം പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(സി) 12-7-1989-ലെ ജി.ഒ.(പി.) 567/89/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു ജില്ലയിൽ ഉണ്ടാകുന്ന ആകെ എൽ.ഡി.സി./വി.എ. തസ്തികയുടെ 35 ശതമാനത്തിന്റെ 25 ശതമാനം 3 : 2 എന്ന അനുപാതത്തിൽ വില്ലേജ്മാൻ, എൽ.ജി.എസ്., അറ്റൻഡർ, ചെയിൻമാൻ എന്നിവർക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കാനായി നീക്കിവെച്ചിട്ടുള്ളതാണ്. അതായത് നൂറ് എൽ.ഡി. ക്ളാർക്കുമാരുടെ തസ്തിക വരുമ്പോൾ അതിൽ 5 വില്ലേജ്മാൻമാർക്ക് എൽ.ഡി. ക്ളാർക്കായി പ്രൊമോഷൻ ലഭിക്കും.

(ഡി) സാധാരണ ആകെയുള്ള എൽ.ഡി.സി./വി.എ. മാരുടെ തസ്തികയുടെ എണ്ണത്തിൽ വ്യത്യാസം വരാത്തിടത്തോളം എൽ.ഡി.സി./വി.എ. ആയി സ്ഥാനക്കയറ്റം ലഭിച്ച വില്ലേജ്മാൻമാർക്ക് യു.ഡി.സി./എസ്.വി.ഒ. ആയി സ്ഥാനക്കയറ്റം ലഭിച്ചാൽ മാത്രമേ ശേഷിക്കുന്ന വില്ലേജ്മാൻമാർക്ക് സ്ഥാനക്കയറ്റം ലഭിക്കുകയുള്ളു. എന്നാൽ എൽ.ഡി.സി./വി.എ. മാരുടെ തസ്തിക പുതുതായി സൃഷ്ടിക്കപ്പെടുമ്പോൾ ആ തസ്തികകളുടെ എണ്ണത്തിന്റെ ആനുപാതികമായി വില്ലേജ്മാൻമാർക്ക് സ്ഥാനക്കയറ്റം ലഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly